**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3204 13/03/2017-ൽ മറുപടിയ്ക്ക്**

**മഞ്ചേരി മുൻസിപ്പാലിറ്റി ഷോപ്പ്-കം-ഓഫീസ് ബിൽഡിംഗ്**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മഞ്ചേരി മുൻസിപ്പാലിറ്റി ഷോപ്പ്-കം-ഓഫീസ് ബിൽഡിംഗ് നിർമ്മാണവുമായി ബന്ധപ്പെട്ട 627881/DB2/LSGD/2016 - ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) & (ബി) | .മഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 18/1എ, 1 ബി എന്നീ നമ്പരുകളിലുള്ള 40 സെന്റ് സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനു വേണ്ടി 8,28,07,500/- രൂപ ( എട്ടുകോടി ഇരുപത്തിയെട്ടു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറു രൂപാ മാത്രം) ധനലക്ഷ്മി ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനു വേണ്ടി സർക്കാർ അനുമതിയ്ക്കായി മഞ്ചേരി നഗരസഭ സെക്രട്ടറിയുടെ 1/3/2016 ലെ ഇ 1-346/16 നമ്പർ കത്ത് പ്രകാരം അപേക്ഷ നഗരകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ 20/5/2016 ലെ ഡിസി3-5885/16 നമ്പർ കത്ത് പ്രകാരം നഗരകാര്യ വകുപ്പിൽ നിന്നും കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരമുള്ള സർക്കാർ അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. ആയതിന് 11/8/2016 ലെ 246/ഡിബി2/16/തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം ധനലക്ഷ്മി ബാങ്കിൽ നിന്നും വായ്പ എടുക്കുമ്പോൾ നൽകേണ്ട പലിശ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ മറ്റേതെങ്കിലും ബാങ്കിൽ നിന്നും ഓഫർ ലഭിച്ചിരുന്നോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് മഞ്ചേരി നഗരസഭാ സെക്രട്ടറിക്ക് 31/8/2016, 25/11/2016 എന്നീ തീയതികളിൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിച്ചിട്ടില്ല |
| (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട നഗരകാര്യ ഡയറക്ടറേറ്റിലെ ഫയലിന്റെ വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പത്ത് കോടി രൂപ വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ വിശദമാക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | ബാധകമല്ല |
| (സി) | ടി പ്രോജക്ടുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ